# INFLUENCE OF SOCIAL STRUCTURE ON MOBILITY

## സാമൂഹ്യ ഘടന

സമൂഹമെന്നാൽ പ്രത്യേകമായി നിശ്ചയിക്കപ്പെട്ട ഘടനയും ധർമ്മവുമുള്ള കുടുംബം, ജാതി, മതം, രാജ്യം എന്നിങ്ങനെ പരസ്പരബന്ധമുള്ള ഘടകങ്ങൾ ചേർന്നുള്ള ഒരു വ്യവസ്ഥയാണ്. ഇതിനെ ഒരു മനുഷ്യ ശരീരത്തോട് ഉപമിക്കാം. സമൂഹത്തിന്റെ വിവിധങ്ങളായ അവയവഭാഗങ്ങൾ സാമൂഹ്യ ഘടനയെ നിർമ്മിക്കുകയും സമൂഹം ചില ധർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു. 'സമൂഹത്തിൽ വ്യക്തികളുടെ കൂട്ടായ്മയുടെ സംഘടിത രൂപമാണ്. സാമൂഹ്യഘടന' എന്ന് ലഘുവായി നിർവ്വചിക്കാം.

## ചലനാത്മകത.

ചലനാത്മകത എന്നത് ഒരു സാമൂഹ്യഘടനയിലൂടെ വ്യക്തികളുടെ, കുടുംബങ്ങളുടെ, കൂട്ടങ്ങളുടെ ചലനമാണ്. വ്യക്തിയുടെ ചലനത്തെ സാമൂഹ്യ സ്ഥാപനങ്ങൾ സ്വാധീനിക്കുന്നു. മുകളിലേക്കോ, താഴേക്കോ – ധനത്തേയോ, വിദ്യാഭ്യാസത്തെയോ തൊഴിലിനേയോ അടിസ്ഥാനമാക്കി വ്യക്തികളടേയോ കൂട്ടങ്ങളുടേയോ യാത്രയാണ് സാമൂഹ്യചലനാത്മകത.

'ചലനാത്മകത' എന്നത് കേവലം സഞ്ചാരം മാത്രമല്ല. സമൂഹത്തിൽ സ്ത്രിയുടെയും പുരുഷന്റെയും ചലനാത്മകത വ്യത്യാസപ്പെട്ടിരിക്കുന്നു. ലിംഗസമത്വമില്ലായ്മ സ്ത്രിയുടെ ചലനാത്മകതയെ പ്രതികൂലമായി ബാധിക്കുന്നു. സാമൂഹ്യമായ 'പരുവപ്പെടുത്തലുകൾ' സ്ത്രിയുടെ വ്യക്തിത്വ വികാസത്തെയും വിവിധ മേഖലകളിലെ അവളുടെ ചലനത്തെയും സ്വാധീനിച്ചിട്ടുണ്ട്. എങ്ങനെ ഇത് സംഭവിച്ചു എന്നതിന് ചരിത്രപരമായ അവലോകനം ആവശ്യമാണ്. സാമൂഹ്യ സ്ഥാപനങ്ങൾ എങ്ങനെയാണ് ഈ ഘടകങ്ങളെ സ്വാധീനിക്കുന്നത് എന്ന് കണ്ടെത്താൻ കഴിയും.

പ്രാകൃതമനുഷ്യൻ വ്യവസ്ഥാപിതമായ ഒരു സാമൂഹ്യഘടനായാൽ നിയന്ത്രിക്കപ്പെട്ടിരുന്നില്ല. ഉപജീവനത്തിനായി വേട്ടയാടി കൂട്ടമായി സഞ്ചരിച്ചിരിക്കുകയും മൃഗതുല്യമായി പരസ്പരം ഇണചേരുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. ധനം, തൊഴിൽ, വിദ്യഭ്യാസം ഇവ തേടേണ്ട ആവശ്യഘതയോ സ്വകാര്യസ്വത്ത് സമ്പാദനമോ ഉണ്ടായിരുന്നില്ല.

കൃഷിയെ അട്സ്ഥാനമാക്കി മനുഷ്യൻ കൂട്ടമായി ഒരു സ്ഥലത്ത് സ്ഥിരതാമസം തുടങ്ങുകയും മൃഗങ്ങളെ ഇണക്കി ജീവിക്കുകയും ചെയ്യാൻ തുടങ്ങിയതോടെ ഗോത്രങ്ങൾ രൂപം കൊണ്ടു. 'വിവാഹം' എന്ന സാമൂഹ്യസ്ഥാപനം അടിസ്ഥാനപരമായ സാമൂഹ്യഘടനയായ 'കുടുംബത്തിന്' രൂപം നൽകി. സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടെ സ്ത്രിയുടെ മേലുള്ള സാമൂഹ്യഘടനയുടെ സ്വാധീനം അവളുടെ ചലനാത്മകതയെ പ്രതികൂലമായി ബാധിക്കാൻ തുടങ്ങി. കുടുംബം, വിവാഹം, ജാതി, മതം, രാഷ്ട്രീയം, വിദ്യാഭ്യാസം തുടങ്ങി സാമൂഹ്യ സ്ഥാപനങ്ങളുടെ സ്വാധീനം വളരെ വലുതാണ്.

## കുടുംബം

സമൂഹത്തിന്റെ ഏറ്റവും ലളിതവും അടിസ്ഥാനപരവുമായ ഘടകമാണ് കുടുംബം. സ്ത്രീ പ്രാധാന്യമുള്ള കുടുംബവ്യവസ്ഥയിൽ സ്വത്ത് ഉടമസ്ഥാവകാശം സ്ത്രീക്കായിരുന്നുവെങ്കിലും കൈകാര്യം ചെയ്യുന്നത് പുരുഷനായിരുന്നു. പുരുഷകേന്ദ്രീകൃത കുടുംബത്തിലും കൂട്ടു കുടുംബ വ്യവസ്ഥിതിയിലും അതിലെ അംഗങ്ങളായ വ്യക്തികളുടെ ചലനം 'കാരണവർ' എന്ന പുരുഷനാൽ നിയന്ത്രിക്കപ്പെട്ടിരുന്നു. സ്ത്രികളുടെ അവസ്ഥ ദയനീയമായിരുന്നു. ആരാധനക്കായി മാത്രമായിരുന്നു പുറത്തേക്കുള്ള യാത്ര. വിദ്യാഭ്യാസം, തൊഴിൽ എന്നിവ നിഷിദ്ധമാവുകയോ പരിമിതപ്പെടുത്തുകയോ ചെയ്തിരുന്നു. ഇവ നേടാനുള്ള അവളുടെ അവകാശത്തേയും ചലനത്തേയും പുരുഷാധിപത്യ കുടുംബം നിയന്ത്രിച്ചിരുന്നു. വിദ്യാഭ്യാസത്തിനും, തൊഴിലിനും, മാറ് മറക്കുന്നതിനും, വോട്ടവകാശത്തിനുമായി സംഘടിത സമരങ്ങൾ നടത്തേണ്ടി വന്നു.

ഇന്നും പുരുഷ കേന്ദ്രീകൃത കുടുംബസംവിധാത്തിൽ സ്ത്രീക്ക് അവളുടെ സഞ്ചാരത്തിന് പുരുഷന്റെ സമ്മതവും കൂട്ടും ആവശ്യമാണ്. സ്ത്രിയുടെ ലോകം അടുക്കളയാണെന്നും മറ്റു വിദ്യാഭ്യാസം, തൊഴിൽ, കല, രാഷ്ട്രീയ മേഖലകൾ അവൾക്ക് യോജിച്ചതല്ലെന്നും ഉള്ളബോധവും സ്ത്രീത്വത്തിന് പ്രത്യേക ലക്ഷണങ്ങളും പുരുഷ കേന്ദ്രീകൃത സമൂഹം ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പരുവപ്പെടുത്തലുകൾക്ക് അവൾ വിധേയയാവുകയും ചെയ്തു. സാമ്പത്തിക സ്രോതസ്സോ വിഭവങ്ങളിലുള്ള നിയന്ത്രണമോ ഇല്ലാത്ത സ്ത്രിയുടെ നില അവളെ ഗാർഹിക അടിമത്വത്തിൽ തളച്ചിട്ടു. ഇങ്ങനെ ജീവിക്കേണ്ടവളാണെന്ന മിഥ്യാ ധാരണ സാമൂഹ്യവൽക്കരണത്തിന്റെ ഭാഗമായി പ്രബലമായി.

സ്ത്രീയുടെ ശരീരത്തെക്കുറിച്ചുള്ള ധാരണകളും സമൂഹത്തിൽ സുരക്ഷിതയല്ലെന്ന തോന്നലും അവളെ കുടുംബത്തിൽ തളച്ചിട്ടു. കുഞ്ഞുങ്ങളുടെ പരിപാലനവും വീട്ടുജോലികളും കഴിഞ്ഞ് മറ്റൊരു കാര്യത്തിന് സമയമില്ലാതെ സ്വന്തം കഴിവും അഭിരുചിയും വളർത്താൻ അവസരമില്ലാതെ കഴിഞ്ഞ സ്ത്രി സമൂഹത്തിന് കുടുംബത്തിന്റെ കെട്ടുപാടുകൾ ഇന്നും ഒരു വിലക്കാണ്.

സ്ത്രീക്ക് സ്വാതന്ത്ര്യവും ആവശ്യമില്ല അവൾ പുരുഷനാൽ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന ധാരണ ആർഷഭാരത സംസ്കാരം അടിച്ചേൽപ്പിച്ചു. അതുകൊണ്ട് തന്നെ പുരുഷന്റെ കൂട്ടില്ലാതെ പുറത്ത് പോകുന്നത് അരക്ഷിതമായി കണക്കാക്കി.

പിതാ രക്ഷതി കൗമാരേ

ഭർത്ത്യോ രക്ഷതി യൗവ്വനേ

പുത്രോ രക്ഷതി വാർദ്ധക്യേ

ന: സ്ത്രീ സ്വാതന്ത്ര്യ മർഹതി

മനുസ്മൃതിയുടെ സ്വാധീനത്തിൽ ഇന്നും കുടുംബങ്ങൾ രക്ഷാ കവചം തീർത്തു കൊണ്ട് അവളെ ബന്ധനസ്ഥയാക്കിരിക്കുന്നു. പുരുഷന്റെ ഭോഗതൃഷ്ണ ശമിപ്പിക്കുന്ന തിനുള്ള ഒരു വസ്തുവും കുഞ്ഞുങ്ങളെ പ്രസവിക്കേണ്ട ഒരു യന്ത്രവുമായി ഒരേ സമയം ഉപഭോഗവസ്തുവും ഉത്പാദനയന്ത്രവുമായി അവളെ കണക്കാക്കുന്ന സാമൂഹ്യഘടന വ്യക്തി എന്ന നിലയിലുള്ള അവളുടെ ബൗദ്ധികവും, ശാരീരികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ ചലനാത്മകതക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു.

## വിവാഹം.

സാർവ്വലൗകിക സ്ഥാപനമായ വിവാഹത്തിലൂടെ സ്ത്രിയും പുരഷനും തമ്മി ലുള്ള സാമൂഹ്യ ബന്ധം സ്ഥാപിക്കലാണ് നടക്കുന്നത്. 'വിവാഹം' മതപരവും ജാതീയ വുമായ ആചാരനുഷ്ഠാനങ്ങൾക്കനുസ്യതമായി നടക്കുന്നു. സ്ത്രീയുടെ സ്വതന്ത്രമായ ചിന്തക്കും ആവിഷ്കാരത്തിനും ചലനാത്മകതക്കും വിവാഹത്തോടെ കൂടുതൽ ബന്ധന ങ്ങൾ ഉണ്ടാകുന്നു. ജൈവപരമായ ഭോഗതൃഷ്ണശമിപ്പിക്കുന്നതിനും മനുഷ്യ പരമ്പര നിലനിർത്തുന്നതിനുമുള്ള സാമൂഹ്യ അംഗീകാരവും അനുവാദവുമായി വിവാഹം കണ ക്കാക്കി. വിവാഹത്തോടെ സ്ത്രീ പുരുഷന്റെ അധീശത്തിൽ കഴിയേണ്ടവളായി മാറുന്നു. നിരവധി ആചാരങ്ങൾ വിവാഹവുമായി നിലനിന്നിരുന്നു.

ഇന്നും വിവാഹത്തിനോ സാമ്പത്തിക ഭദ്രതക്കോ സ്ഥാനം നൽകാതെ വിവാഹ കമ്പോളത്തിൽ വിലപേശപ്പെടുന്ന വാണിജ്യപരവും മാംസനിബദ്ധവുമായ ഒരു ആചാര മായി വിവാഹം മാറുന്നു. സ്ത്രീധനവും ബാലവിവാഹവും സ്ത്രീയെ എല്ലാവിധ അവസ രങ്ങളും അവകാശങ്ങളും നിഷേധിക്കുന്ന ഒരു കുടുംബജീവിതത്തിലേക്ക് അവളെ തള്ളി വിടുന്നു. രക്ഷിതാക്കൾ തങ്ങളുടെ കടമ നിറവേറ്റി ആശ്വസിക്കുമ്പോൾ വിവാഹത്തിന്റെ കാണാചരടിനാൽ സ്ത്രിയെ ബന്ധനസ്ഥയാക്കി അവളുടെ ബാഹ്യ ചലങ്ങളെ നിയന്ത്രി ക്കുന്നു.

'കാര്യേഷ്ഠ മന്ത്രി കർമ്മേഷഠദാസി

രൂപേഷ്ഠലക്ഷി ശയനേഷ്ഠ  വേശ്യ'

വിവാഹത്തിലൂടെ ഒരു പുരുഷന്റെ ഉത്തമ കുടുംബിനിയെ കുറിച്ചുള്ള സങ്കൽപം ഇങ്ങ നെ.

### വിദ്യാഭ്യാസവും ചലനാത്മകതയും.

പഠിതാക്കൾക്ക് അറിവു നൽകുക എന്നതു മാത്രമല്ല വിദ്യാഭ്യാസം ലക്ഷ്യമാക്കുന്ന ത്. അവനിലെ/അവളിലെ അഭിലഷണീയമായ ശീലങ്ങൾ, താത്പര്യങ്ങൾ, കാഴ്ചപ്പാടു കൾ, കഴിവുകൾ തുടങ്ങിയവയെ പൂർണ്ണവും അർത്ഥവത്തുമായ ഒരു ജീവിതം നയി ക്കാൻ പാകത്തിൽ വികസിപ്പിക്കുക അല്ലെങ്കിൽ വികസിപ്പിക്കാൻ സഹായിക്കുക എന്ന താണ് വിദ്യാഭ്യാസം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

വിശാലമായ അർത്ഥത്തിൽ ജീവിതത്തിലെ എല്ലാ സ്വാധീനങ്ങളും വിദ്യാഭ്യസ ത്തിൽ ഉള്ളടങ്ങുന്നു. വിദ്യാഭ്യസം ഒരിക്കലും അവസാനിക്കുന്നില്ല. നിരന്തരം മാറി കൊണ്ടിരിക്കുന്ന സമൂഹത്തിൽ നിന്ന് എന്തെങ്കിലും പഠിക്കാനുണ്ടാകും. വിദ്യാഭ്യാസം ഒരു നിരന്തര പ്രക്രിയയാണ്

**ജാതി.**

അനേകം ജാതികളും ഉപജാതികളുമായി സമൂഹം ഭാഗിക്കപ്പെട്ടിരിക്കുന്നു. ഓരോ മതത്തിലും അസംഖ്യം ഉപ വിഭാഗങ്ങളുമുണ്ട്. ജാതീയമായ നിരവധി ആചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു. സമൂഹത്തിന്റെ ഈ ദുരാചാരങ്ങൾ എല്ലാവിധ വികസനത്തിനും പ്രതികൂലമായരിക്കെ സ്ത്രികളുടെ ചലനത്തേയും ഇരട്ടിയായി ബാധി ക്കുന്നു. ചാതുർ വർണ്ണ്യവ്യവസ്ഥയിൽ തൊഴിൽപരമായ വിഭജനവും സവർണ്ണരായ ബ്രാഹ്മണരും ക്ഷത്രിയരും അധാർമ്മികവും ബൗദ്ധികവും ഭൗതികവും സൈമ്പത്തികവു മായ അധീശത്വം നിലനിർത്തിയിരുന്നു. വിദ്യ നിഷേധിക്കപ്പെട്ട ശൂദ്രന് അയിത്തം കൽപ്പി ച്ചിരുന്നു.

സവർണ്ണ ജാതികൾ അവർണ്ണർക്കെതിരായി അയിത്തവും താഴ്ന്ന ജാതിയിൽപ്പെട്ട വർ തമ്മിൽ തമ്മിൽ അയിത്തവും കൽപ്പിച്ചിരുന്ന കാലത്ത് ആരാധനക്കായി അമ്പലങ്ങ ളിൽ പ്രവേശിക്കുന്നതും പൊതു വഴിയേ നടക്കുന്നതും പൊതു കിണറിൽനിന്ന് വെള്ള മെടുക്കുന്നതും പൊതു പരിപാടികളിൽ മിശ്രഭോജനം നടത്തുന്നതും താഴ്ന്ന ജാതി യിൽപ്പെട്ടവന് നിഷിദ്ധമായുരുന്നു. പുരുഷനോടൊപ്പം പുരുഷനേക്കാളതികം സ്ത്രിയും ഈ ദുരാചാരത്തിന്റെയും അയിത്തത്തിന്റേയും തിന്മകൾ അനുഭവിച്ചു. താഴ്ന്ന ജാതി ക്കാരന്റെ വിയർപ്പിന്റെ പ്രതിഫലമായി അന്നം ഉത്പാതിപ്പിക്കുമ്പോൾ അവന് അയിത്തം കൽപ്പിക്കുന്നു. അതേ സമയം അവന്റെ സ്ത്രിയുടെ ശരീരത്തിൻമേൽ അയിത്തം ഉണ്ടാ യിരുന്നില്ല എന്നത് വിരോധാഭാസവും. ശാരീരിക ആവശ്യങ്ങൾക്കായി താഴ്ന്ന ജാതി യിൽപ്പെട്ട സ്ത്രികളെ തന്നിഷ്ടം പോലെ ഉപയോഗിച്ച സവർണ്ണന്റെ അധീശത്വത്തിൽ സ്ത്രിക്ക് സ്വന്തം ശരീരത്തിൻമേൽ പോലും അവകാശമുണ്ടായിരുന്നില്ല.

ജാതീയമായ അടിച്ചമർത്തലുകൾക്കെതിരെയുള്ള ചെറുത്തു നിൽപ്പിന്റെ ഭാഗമായി ഈ സ്ഥിതിക്കു മാറ്റം വന്നു. ജാതീയമായ അടയാളങ്ങൾ വലിച്ചെറിഞ്ഞു കുടുമ മുറി ക്കൽ മാറു മറക്കൽ സമരവും എല്ലാം ജാതീയമായ കെട്ടുപാടുകളിൽ നിന്ന് സ്വാതന്ത്ര്യം നേടിയതിന്റെ ഉദാഹരണങ്ങളാണ്. മിശ്രഭോജനം, മിക്ര വിവാഹം ഇവയലൂടെ സ്വതന്ത്ര മായ ചിന്തയും പ്രവ്യത്തിയും കൈവരിക്കാൻ ശ്രമിച്ചു. ക്ഷേത്ര പ്രവേശനവും പൊതു വഴിയിൽ നടക്കാനുള്ള അവകാശവും വിദ്യാഭ്യാസ അവകാശവും നേടി. ഭ്രാന്താലയ ത്തിൽ നിന്ന് പതുക്കെ മോചനം നേടിയെങ്കിലും സമീപകാലത്ത് ജാതിപരമായ അനാചാരങ്ങളും അന്ധ വിശ്വാസങ്ങളും വർദ്ധിച്ചു വരികയും ഇത് സ്ത്രിയുടെ ചലനാ ത്മകതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ഇഷ്ടമുള്ള വരനെ തെരെഞ്ഞെടു ക്കുന്നതിന് ജാതി പലപ്പോഴും വിലങ്ങു തടിയായി. ഈ അരക്ഷിതാവസ്ഥ അവളുടെ വിദ്യാഭ്യാസത്തിനും തൊഴിലിനുമായുള്ള സഞ്ചാരത്തെ ബാധിക്കുന്നു.

**മതം**

സാമൂഹ്യ ജീവിയായ മനുഷ്യൻ ഒരു ആത്മീയ ജീവികൂടിയാണ്. മതത്തിന് സാമൂഹ്യ ധർമ്മവും പങ്കാളിത്തവും നിർവ്വഹിക്കാനുണ്ട്. മതം നിറവേറ്റേണ്ട സാമൂഹ്യ മായ ആവശ്യം സമൂഹത്തിന്റെ പ്രത്യയശാസ്ത്രപരവും വൈകാരികവുമായ ഐക്യമാ ണ്. സാമൂഹ്യ ജീവിതം കെട്ടിപ്പടുക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും മതത്തിനു നിർണ്ണായകമായ പങ്കുണ്ട്. അതേ സമയം മതത്തിന് തകരാറുകളുമുണ്ട്. പിടിവാദം, ചോദ്യം ചെയ്യാൻ പാടില്ലെന്ന സിദ്ധാന്തം, വർഗ്ഗീയത എന്നിവ മതത്തിന്റെ ഹീന വശ ങ്ങളാണ്. മതം സഞ്ചാര, ചിന്ത, വ്യക്തി സ്വാന്ത്ര്യത്തെ നിഷേധിക്കുന്നു. മാറ്റത്തെ എതിർക്കുന്നു. ഈ സ്വഭാവം സാമൂഹ്യ വികസനത്തിന് അത്യന്താപേക്ഷിതമായ സാമൂഹ്യ ഘടനയിൽ മാറ്റം വരുത്തുന്നതിൽ തടസം നിൽക്കുന്നു. സാമൂഹ്യമായ അനീ തികൾക്കെതിരെ പ്രതികരിക്കുന്നതിനെ ചിലപ്പോഴെങ്കിലും എതിർക്കുന്നു. ഇത് മനു ഷ്യന്റെ സ്വതന്ത്രമായ ചിന്തയേയും പ്രവൃത്തിയേയും പ്രതികൂലമായി ബാധിക്കുന്നു.

മതങ്ങൾ സ്ത്രികളെ ബഹുമാനിക്കാനും സംരക്ഷിക്കാനും പറയുന്നുണ്ടെങ്കിലും വ്യക്തി എന്ന നിലയിൽ സ്വതന്ത്രമായ തീരുമാനമെടുക്കാനും പ്രവൃത്തിക്കാനും അവൾക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു. മതപരമായ ചട്ടക്കൂടിനകത്ത് സ്ത്രി രണ്ടാം തരം പൗരയാണ്. സ്ത്രി എവിടേയും പുരുഷനാൽ സംരക്ശിക്കപ്പെടേണ്ടവളാ ണെന്ന രീതിയിൽ മുന്തിയ പരിഗണന നൽകുന്നു എന്ന് അവകാശപ്പെടുന്നു എങ്കിലും ലിംഗ നീതി മതപരമായ സംവിധാനത്തിൽ സ്ത്രീക്ക് ലഭ്യമല്ല.

ആരാധനാ സ്വാതന്ത്ര്യമുണ്ടെങ്കിലും അവളുടെ ഇഷ്ടമനുസരിച്ച് ആരാധന നട ത്താനുള്ള അവകാശത്തെ മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും തടയുന്നു. പ്രത്യേക ദിവസങ്ങളിൽ സ്ത്രിക്ക് അയിത്തം കൽപ്പിച്ചിരിക്കുന്നു. ചില ആരാധനാലയങ്ങ ളിൽ പ്രവേശിക്കുന്നതിന് ഇത്തരം അനുഷ്ഠാനങ്ങൾ തടസ്സമാകുന്നു.സാംസ്കാരികമായ ചലനാത്മകതക്കും ആവിഷ്കാര സ്വാതന്ത്യത്തിനും മത യാഥാസ്ഥിതിക പൗരോഹിത്യം വിലക്കുകളേർപ്പെടുത്തുന്നു. ബഹുഭാര്യത്വം ഒരു പരിഷ്കൃത സമൂഹത്തിന് ഭൂഷണമല്ല എന്ന് മാത്രമല്ല ഇവിടെ സ്ത്രീകൾ വെറും ഉപഭോഗ ഉതാപാദന ഉപാധികൾ മാത്രമായി മാറുന്നു. ഇഷ്ടമുള്ള പുരുഷനെ വിവാഹം കഴിക്കുന്നതിനോ തനിക്ക് താത്പര്യമുള്ള സമയത്ത് വിവാഹം കഴിക്കുന്നതിനോ സ്വാതന്ത്ര്യമില്ല. വിവാഹത്തിന് സ്ത്രീയുടെ സമ്മതം ആവശ്യമെന്നിരിക്കെ പുരുഷ പൗരോഹിത്യം ഇക്കാര്യങ്ങൾ ശ്രദ്ധിക്കാറില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും തൊഴിലിന്റെ കാര്യത്തിനും രണ്ടാം തരം സ്ഥാനമേ അവൾക്കുള്ളു. സമീപകാലത്ത് മതപരിഷ്കർത്താക്കൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പഠിപ്പിക്കുകയും സ്ത്രീകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും സ്ത്രീകൾക്ക് കൂടി ആരാധാനാലയങ്ങളിൽ പ്രവേശനം അനുവദിക്കുകയും ചെയ്തിട്ടുള്ളത് ആശാവ ഹമാണ്. എങ്കിലും സ്ത്രീയുടെ വ്യക്തിത്വത്തിൻമേലുള്ള നിയന്ത്രണവും അവളുടെ അഭി രുചിക്കനുസ്യതമായി സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രവേശ നവും നിയന്ത്രിച്ചിരിക്കുന്നു. സ്ത്രീധനം പോലുള്ള ദുരാചാരങ്ങൾക്കെതിരെ പൗരോ ഹിത്യം മൗനം പാലിക്കുന്നു. ഒന്നിച്ച് പോകാൻ കഴിയാത്ത ബന്ധളിൽ ജീവിതാവസാനം

വരെ പങ്കാളിയോടൊപ്പം കഴിച്ചു തീർക്കാൻ വിധിക്കപ്പെട്ട സ്ത്രീക്ക് തനിക്ക് ഇഷ്ടമില്ലാത്ത ബന്ധം വേർപെടുത്താൻ തടസ്സങ്ങളുണ്ട്.

**രാഷ്ട്രീയ സ്ഥാപനങ്ങൾ.**

സാമൂഹ്യവ്യവസ്ഥയെ സംഘടിത രൂപത്തിൽ നിലനിർത്താൻ ചില ശക്തികളും അധികാരങ്ങളും സമൂഹത്തിന് ആവശ്യമുണ്ട്. അത്തരം സംഘടനാ രൂപങ്ങളാണ് രാഷ്ട്രീയ സ്ഥാപനങ്ങൾ.

വിവിധങ്ങളായ സംഘടനകളും രാഷ്ട്രീയ സ്ഥാപനങ്ങളും നിലവിലുണ്ട്. ക്രമസമാധാനം നിലനിർത്തുന്നതിന് ഓരോ സമൂഹത്തിനും അതിന്റേതായ ചിട്ടകളും നാട്ടുനടപ്പുകളുമുണ്ട് ഭരണകൂടമാണ് ലിഖിത നിയമങ്ങളുണ്ടാക്കുന്നത്. നമ്മുടെ ലിഖിത നിയമസംഹിത തുല്യത വിഭാവനം ചെയ്യുന്നുവെങ്കിലും അതിന്റെ പ്രയോക്തക്കളായ രാഷ്ട്രീയ സ്ഥാപനങ്ങളും നിയമ സംവിധാനങ്ങളും ഇത്  അംഗീകരിക്കുന്നില്ല. സാമുഹ്യപൊതുമണ്ഡലത്തിൽ സ്ത്രീയുടെ സാന്നിദ്ധ്യം പരിമിതമാണ്. സ്ത്രീയുടെ അഭിപ്രായങ്ങൾക്കോ ചിന്തകൾക്കോ അർഹിക്കുന്ന അംഗീകാരം നൽകുന്നില്ല എന്നു കാണാം.

കഴിവുറ്റ ഒരു സ്ത്രീയെപ്പോലും പൊതു മണ്ഡലത്തിൽ പുരുഷനു തുല്യം കണക്കാൻ വൈമുഖ്യം കാണിച്ചിരുന്നു എന്നതാണ് സത്യം. വിവിധ സമര രംഗങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ച സ്ത്രീ രത്നങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സംഘടനകളിൽ അർഹമായ സ്ഥാനം നൽകുകയോ ഭാരവാഹിത്വം നൽകുകയോ ചെയ്യാതെ പല സംഘടനകളും സ്ത്രയുടെ നേതൃത്വപരമായ കഴിവുകളുടെ വികാസത്തിനും തദ്വാരാ അവളുടെ ശേഷിയെ രാഷ്ട്രീയ വികസനത്തിന് ഉപയോഗിക്കുന്നതിനും തടസ്സം നിൽക്കുന്നു. നിയനിർമ്മാണ സഭകളിൽ സ്ത്രീ പ്രാധാന്യം തുലോം കുറവാണ്. സംവരണ മണ്ഡലങ്ങളിലല്ലാതെ പൊതു മണ്ഡലങ്ങളിൽ സ്ത്രീകയളെ മൽസരിപ്പിക്കുന്നില്ല. (വളരെ അപൂർവ്വമാണ്) സ്ത്രീകൾക്ക് അർഹമായ തുല്യ അവസരവും തുല്യ നീതിയും ഉറപ്പുവരുത്താനും വിദ്യാഭ്യാസവും തൊഴിലും നൽകാനും, പീഢനങ്ങളിൽ നിന്ന് സംരക്ഷണം നൽകാനും ഭരണകൂടങ്ങൾക്കാവുന്നില്ല. സ്ത്രീയുടെ ചലനാത്മകതയെ എല്ലാ രീതിയിലും ഇത് പ്രതികൂലമായി ബാധിക്കുന്നു. പൊതുവേദികളിലും സംഘടനകളിലും ഭരണസ്ഥാപനങ്ങളിലും അവളുടെ പങ്കാളിത്തം വർദ്ധിക്കണം. 50 ശതമാനം സംവരണത്തിലൂടെയെങ്കിലും പ്രാപ്തമാക്കാൻ കേരളത്തിൽ സാധിച്ചത് പൊതുമണ്ഡലങ്ങളിലും സാമൂഹ്യവികസന രംഗങ്ങളിലും അവളുടെ കഴിവും കാര്യശേഷിയും ഉപയോഗിക്കാൻ കാരണമായി. തുല്യ ജോലിക്ക് തുല്യ വേതനം, അവസര സമത്വം, സ്വതന്ത്രമായി നിർഭയമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം എന്നിവ സ്ത്രീകൾക്ക് ലഭ്യമാക്കുന്നതിന് രാഷ്ട്രീയ സ്ഥാപനങ്ങൾ പരാജയപ്പെടുന്നു. ഈ രംഗങ്ങളിലും പുരുഷ മേധാവിത്വം ശ്രദ്ധേയമാണ്.

കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ പദവിയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നു തുടങ്ങിയതായി കാണാം. പൊതു രംഗങ്ങളിൽ സ്ത്രീകൾ സജീവ സാന്നിദ്ധ്യമായി. സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, തദ്ദേക സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് 50 ശതമാനം സംവരണം, കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വളർച്ച എന്നിവ ഇതിന് പ്രേര

കമായി. വിദ്യാഭ്യാസ മേഖലയിലക്ക് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചു. മെച്ചപ്പെട്ട ആരോഗ്യ സേവന മേഖലയും സ്ത്രീകളുടെ സാമൂഹ്യ പങ്കാളിത്തത്തിൽ ഗണപരമായ മാറ്റമുണ്ടാക്കിയെങ്കിലും ഗുണപരമായ രീതിയിൽ ഈ മാറ്റം ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. മനോഭാവത്തിലും ചിന്തയിലും മാറ്റങ്ങൾ വരുത്തി പുരോഗതിക്ക് തടസ്സം നിൽക്കുന്ന സാമൂഹ്യ സ്ഥാപനങ്ങളെ തിരിച്ചറിഞ്ഞ് പ്രതികൂലമായ ഘടകങ്ങളെ മാറ്റിയെടുത്ത് മുന്നേറേണ്ട സാമൂഹ്യ പ്രക്രിയക്ക് തയ്യാറെടുപ്പും നേതൃത്വവും നൽകുവാൻ സ്ത്രീകളും സ്ത്രീപക്ഷ ചിന്താഗതിയുള്ള പുരുഷൻമാരും ശ്രമിക്കണം.